അത് വളരെ വേഗം കൊടുക്കുകയും ചെയ്യും. പൊതുവായി ആശുപത്രികൾക്കുള്ള വിഷമത്തിൽക്കവിഞ്ഞ് വിശേഷവിധിയായി ഒന്നുംതന്നെ അവിടെയില്ല. ഷെഡ്യൂൾ അനുസരിച്ചുള്ള ഭക്ഷണം അവിടെ കിടക്കുന്ന രോഗികൾക്കു കൊടുക്കുന്നുണ്ട്. അതിൻമേൽ പ്രത്യേക പരാതിയൊന്നും കിട്ടിയതായി അറിവില്ല. സർ, അവിടെ എട്ട് ഡോക്ടർമാരാണ് ഉള്ളത്. 113 ബെഡ് ഉള്ള ആശുപത്രിയാണ്. മെഡിസിൻ, സർജറി, ഒപ്താൽമോളജി എന്നീ മൂന്നു സ്പെഷ്യലിസ്റ്റുകൾ അവിടെ ഇല്ല. ഏപ്രിൽ മേയ് മാസത്തിലെ ജനറൽ ട്രാൻസ്ഫറോടുകൂടി ഈ ഒഴിവുകൾ നികത്താൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപ്പോൾ പൊന്നാനിയിലും ഈ സ്പെഷ്യലിസ്റ്റുകൾ ചാർജെടുക്കുന്നതായിരിക്കും. സർ ഗാസ്ട്രോ എൻട്രിറിറ്റിസ് പിടിപെട്ട 24 പേരെയാണ് മാർച്ചുമാസത്തിൽ അവിടെ അഡ്മിറ്റു ചെയ്തത്. അവരെല്ലാം സുഖക്കേടു മാറി പോകുകയും ചെയ്തു. വേറെ അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. അത്യാവശ്യംവേണ്ട മരുന്നുകളില്ലെങ്കിൽ അതു പുറത്തുനിന്നു വാങ്ങിക്കൊടുക്കുന്നതിനുള്ള ഫണ്ടും ഇന്നുതന്നെ ഉണ്ട്. ഒന്നേകാൽ ലക്ഷം രൂപ ചെലവാക്കി അവിടെ ഒരു ഒ.പി. വാർഡ് പുതുക്കിപ്പണിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും മുനിസിപ്പാലിറ്റിയുമൊക്കെ മുൻകൈയെടുത്താൽ മറ്റു കെട്ടിടങ്ങളും കെട്ടുന്നതിനുള്ള സ്ഥലംകൂടി ഉണ്ടാക്കി പണി നടത്താൻ സാധിക്കും. അവിടെ സന്ദർശിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പല പ്രാവശ്യം എന്നോടാവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് അടുത്തമാസം അവിടെ സന്ദർശിക്കണമെന്നുദ്ദേശിക്കുന്നു. അപ്പോൾ എന്തെങ്കിലും പ്രത്യേകകാര്യങ്ങളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ചൊരു എൻകയറിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

III പ്രസ്താവന

ശ്രീ. എം.വി. രാഘവൻ ചെയ്ത പ്രസ്താവന

യു. പി. യി. ലെ ബസ്തിയിൽ വച്ച് മലയാളി നേഴ്സുമാരെ ആക്രമിച്ചതിനെ സംബന്ധിച്ച്.

ശ്രീ. എം.വി. രാഘവൻ: സർ, യു.പി.യിലെ ബസ്തി എന്നു പറയുന്ന സ്ഥലത്ത് അഞ്ചോളം മലയാളി നഴ്സുമാരെ ഒരു കൂട്ടം കൊള്ളക്കാർ ബലാൽസംഗം ചെയ്ത സംഭവം കേരളത്തിലെ ജനങ്ങളെ ആകമാനം ഞെട്ടിപ്പിച്ചിരിക്കുകയാണ്. ഈ ഗവൺമെൻറ് അതു സംബന്ധിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? യു. പി. ഗവൺമെൻറും കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ടിട്ടുണ്ടോ? നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത പെൺകുട്ടികൾ ഇൻഡ്യയിലെ പല ഭാഗത്തുള്ള സംസ്ഥാനങ്ങളിലും ജോലി അന്വേഷിച്ചുപോയി ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ജീവിതത്തിന് സംരക്ഷണം കിട്ടേണ്ടതായി ഉണ്ട്. കേന്ദ്ര ഗവൺമെൻറിനെ ഈ ഗവൺമെൻറ് എന്താണ് അറിയിച്ചത്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം കേന്ദ്ര ഗവൺമെൻറിനെയും യു. പി. ഗവൺമെൻറിനെയും അറിയിച്ചിട്ടുണ്ടോ? അവർക്ക് സംരക്ഷണം കിട്ടുമോ? മലയാളമനോരമ ലേഖകൻ അവിടെ പോയപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ബലാത്സംഗം ചെയ്യപ്പെട്ട സ്ഥിതിയാണ് ഉള്ളത്, ബാക്കി സംഗതികളും നിങ്ങളോടു തുറന്നു പറഞ്ഞാൽ ഞങ്ങളുടെ ജീവൻതന്നെ അപകടപ്പെടും. അതുകൊണ്ട് ഞങ്ങളും പറയുകയില്ല എന്നാണ്. വളരെ നിർബന്ധിച്ചതിനുശേഷം മാത്രമാണ് അവർ സംഗതികളും തുറന്നു പറഞ്ഞത്. ഇപ്പോഴും അവർ ഭയത്തോടുകൂടിയാണ് ജീവിക്കുന്നത്. ഇൻഡ്യാ രാജ്യത്ത് എവിടെയും തൊഴിൽ തേടി പോകുന്നതിനും ജീവിക്കുന്നതിനും ഉള്ള സാഹചര്യം ഉണ്ടാക്കേണ്ടതു വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? കേരളത്തിലെ ജനങ്ങളുടെ വികാരം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? യു.പി. ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? ഗവൺമെന്റ് ഈ നിയമസഭയുടെയും ഗവൺമെന്റിന്റെയും വികാരം അറിയിക്കുകയും മാനമായി ജോലി ചെയ്യാനുള്ള അവകാശം, ഈ രാജ്യത്ത് തന്റെ മാനം സംരക്ഷിക്കുന്നതിനുള്ള അവകാശം ഈ രാജ്യത്തെ സ്ത്രീകൾക്ക് ഉണ്ടാകുമോ എന്നും അതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നും അറിയേണ്ടതായി ഉണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, ബസ്തിയിയിൽ നടന്ന സംഭവവികാസങ്ങളും വളരെയധികം ആശങ്കയോടും ഉത്കണ്ഠയോടുംകൂടിയാണ് നമ്മുടെ ജനങ്ങളും അറിഞ്ഞത്. അതിനെ സംബന്ധിച്ചുള്ള പത്രവാർത്തകളും അറിഞ്ഞ ഉടനെതന്നെ ഞാൻ യു. പി. യിലെ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടു. അദ്ദേഹത്തിനു കേരളത്തിലെ ജനങ്ങളുടെയും ഗവൺമെന്റിന്റെയും ഈ കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ഞാൻ ഒരു കത്ത് അയച്ചിരിക്കുകയാണ്. ഇതിനിടയിൽ യു.പി. ഗവൺമെന്റ് ഇക്കാര്യത്തിൽ ചില നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവർ ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഞാൻ അങ്ങോട്ട് അയച്ചിട്ടുള്ള കത്തിനു് ഉടനെതന്നെ മറുപടി കിട്ടും, വിശദീകരണം കിട്ടും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോടു പൂർണ്ണമായി യോജിക്കുന്നു. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും ജനങ്ങളുടെയും വികാരമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് നമ്മുടെ കഴിവിൽ ഉള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ച

ധനാഭ്യർത്ഥന. II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം ധനാഭ്യർത്ഥനയുടെ പേരിൽ 4,50,55,000 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly